27247
22/12/17

# കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ് - വനത്തിനുള്ളിലെ വാരിയം കോളനിയിൽ താമസിക്കുന്ന മുതുവാൻ-മന്നാൻ ആദിവാസി വിഭാഗങ്ങളിൽപ്പെട്ട ആളുകളെ പന്തപ്രയിലെ ഉരുളൻതണ്ണി തേക്ക്പ്ലാന്റേഷനിൽ ഭൂമി അനുവദിച്ച്കൊണ്ട് മാറ്റി പാർപ്പിക്കാൻ ഉത്തരവാകുന്നു.

---

വനം വന്യജീവി (സി) വകുപ്പ്

സ. ഉ( കൈ) നം. 54/2017/വനം തീയതി, തിരുവനന്തപുരം, 18.12.2017

പരാമർശം: 1) 04.02.2017 ൽ കൂടിയ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനം.
2) ആദിവാസി പുനരധിവാസ വികസന മിഷൻ സ്പെഷ്യൽ ഓഫീസറുടെ 27.02.2017, 06.03.2017 എന്നീ തീയതികളിലെ 483/സി/15/റ്റി.ആർ.ഡി.എം. നം.കത്ത്.

### ഉത്തരവ്

മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷൻ, ഇടമലയാർ റെയ്ഞ്ചിലെ ഉൾവനങ്ങളിലെ വാരിയം കോളനിയിലെ മുതുവാൻ-മന്നാൻ വിഭാഗത്തിൽപ്പെടുന്ന 8 ആദിവാസി സെറ്റിൽമെന്റുകളിലായി 218 കുടുംബങ്ങളുണ്ട്. ഉൾവനത്തിലെ ഒറ്റപ്പെട്ട അവസ്ഥയും ജീവിതസൗകര്യങ്ങളുടെ അപര്യാപ്തതയും വന്യമൃഗങ്ങളുടെ ശല്യവും ഇവരുടെ ജീവിതം ദുരിത പൂർണ്ണമാക്കുന്നു. 19.09.2012 ൽ ബഹു. വനം വകുപ്പ്, ആദിവാസിക്ഷേമ വകുപ്പ് മന്ത്രിമാരുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ടി ആദിവാസികളെ വനാതിർത്തിയിൽ പുനരധിവസിപ്പിക്കുന്നതിന് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം കേന്ദ്ര സർക്കാരിന് ശുപാർശ സമർപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. എറണാകുളം ജില്ലയിലെ മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷൻ, കുട്ടമ്പുഴ റെയിഞ്ചിലെ ഉരുളൻതണ്ണി തേക്ക് പ്ലാന്റേഷനിലാണ് യൂസർ ഏജൻസിയായ ട്രൈബൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് ഇവർക്ക് വേണ്ടി ഭൂമി കണ്ടെത്തിയത്. ഈ ആവശ്യത്തിന് വേണ്ടി 523 ഏക്കർ (209.20 ഹെക്ടർ) കണ്ടെത്തിയിരുന്നു. ഈ ശുപാർശ കേന്ദ്രസർക്കാരിനു സമർപ്പിക്കുകയും പല കാരണങ്ങളാൽ മുടങ്ങിക്കിടക്കുകയുമാണ്.

റിസർവ്വ് ഫോറസ്റ്റിനുള്ളിലെ 67 കുടുംബങ്ങൾ തങ്ങളുടെ താമസസ്ഥലമായ വാരിയം കോളനി വിട്ട്പന്തപ്രയിലെ ഉരുളൻ തണ്ണി തേക്ക് പ്ലാന്റേഷൻ കൈയ്യേറി താമസം ആരംഭിച്ചു. 2013-14 മുതൽ ടിയാളുകൾ ഇവിടെ കുടിൽ കെട്ടി താമസിച്ചുവരികയാണ്. ഇതിനെ തുടർന്ന് 07.12.2015-ൽ ബഹു. വനംവകുപ്പ് മന്ത്രിയും ബഹു.പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയും യോഗം വിളിച്ച് കൂട്ടുകയും, വനാവകാശ നിയമപ്രകാരം ശുപാർശ സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. പന്തപ്രയിലെ ഉരുളൻതണ്ണി തേക്ക പ്ലാന്റേഷനിൽ മേൽപ്പറഞ്ഞ 67 കുടുംബങ്ങളിൽ ഓരോ കുടുംബത്തിനും 2 ഏക്കർ വീതവും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്ക് 20 ശതമാനവും കണക്കാക്കി ഭൂമി ലഭിക്കുന്നതിനു പകരമായി വാരിയം കോളനിയിലെ തങ്ങളുടെ വനാവകാശ നിയമം (2006) പ്രകാരമുള്ള 147.6085 ഹെക്ടർ ഭൂമിയുടെ അവകാശം വനാവകാശ കമ്മിറ്റിക്ക് മുമ്പാകെ ഒഴിഞ്ഞു നൽകുകയും ചെയ്തു.

വനാവകാശ നിയമം 2006 നടപ്പാക്കുന്നതിനു വേണ്ടി 04.02.2017 ൽ കൂടിയ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, മേൽ തീരുമാനം അംഗീകരിച്ചു. ടി വിഷയം സർക്കാർ വിശദമായി പരിശോധിച്ചശേഷം താഴെപറയുന്ന കാര്യങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

i. വനത്തിനുള്ളിലെ 3 സെറ്റിൽമെന്റുകളിലെ താമസം ഉപേക്ഷിച്ച് പന്തപ്രയിലെ ഉരുളൻതണ്ണി തേക്ക പ്ലാന്റേഷനിൽ താമസം ആരംഭിച്ച മന്നാൻ മുതുവാൻ വിഭാഗങ്ങളിലെ 67 കുടുംബങ്ങൾക്ക് ഓരോ കുടുംബത്തിന് 2 ഏക്കർവീതവും മറ്റ് പൊതു വികസനങ്ങൾക്കായി 20% വും (26.8 ഏക്കർ) കണക്കാക്കി ടി പ്ലാന്റേഷനിലെ തെരഞ്ഞെടുത്ത ഭാഗങ്ങളിൽ നിന്ന് അനുവദിക്കുന്നു.

ii. വീടുനിർമ്മാണ പ്രദേശങ്ങളിൽ നിന്നുമാത്രം അത്യാവശ്യമരങ്ങൾ മുറിക്കാവുന്നതും ആയത് വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലായിരിക്കണം എന്ന വ്യവസ്ഥയോടും കൂടി ടി കുടുംബങ്ങളുടെ പുന:രധിവാസത്തിനുള്ള സത്വര നടപടി പട്ടികവർഗ്ഗ വികസന വകുപ്പും വനം വകുപ്പും സംയുക്തമായി ചേർന്ന് നടപ്പാക്കാൻ അനുവാദം നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.വി.വേണു
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(F,L&R), തിരുവനന്തപുരം
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (E&TW), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ ആദിവാസിപുന:രധിവാസ വികസന മിഷൻ, വികാസ് ഭവൻ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി.) വകുപ്പ് ( 13.12.2017 ലെ ഇനം 1727 പ്രകാരം)
പൊതുജന സമ്പർക്ക (വെബ്ബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ